**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2955 28.01.2014 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാല ജോയിന്റ് രജിസ്ട്രാർക്കെതിരെ അന്വേഷണം

ചോദ്യം
ശ്രീമതി. കെ.എസ്.സലീഖ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാല ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശ്രീ. പി.രാഘവൻ വിവിധ നടപടികൾക്കായി പ്രൊവിഷണൽ അഡ്വാൻസായി എത്ര രൂപ കൈപ്പറ്റിയിട്ടുണ്ട് ; | (എ) | കേരള സർവ്വകലാശാല ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ ശ്രീ. പി. രാഘവൻ വിവിധ പ്രോജക്ടുകളുടെ നടത്തിപ്പുകൾക്കായി 31.03.2013 വരെ 2,27,58,655/- രൂപ പ്രൊവിഷണൽ അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ട്. ഇത് മുൻ രജിസ്ട്രാറായ ശ്രീ ഹാഷിമിന്റെ പേരിൽ നൽകിയിരുന്നതും സെറ്റിൽമെന്റിനായി ശ്രീ. രാഘവനെ ചുമതലപ്പെടുത്തിയ 1,86,79,000/- രൂപ കൂടി ഉൾപ്പെടെയാണ്. |
| (ബി) | കൈപ്പറ്റിയ തുക അതാതു വർഷം ചെലവഴിച്ച് മൂന്ന് മാസത്തിനകം രേഖാമൂലം വൗച്ചറും സ്റ്റേറ്റ്മെന്റും സമർപ്പിക്കണം എന്നിരിക്കെ ശ്രീ. രാഘവൻ കൈപ്പറ്റിയ ഓരോയിനം തുകയും ഇത്തരം രേഖകളും കണക്കും നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഇല്ല. ഓഫീസ് ഓട്ടോമേഷൻ (1,36,79,000/-) വൈദ്യുതി സബ് സ്റ്റേഷൻ (50,00,000/-) തുടങ്ങിയവയുടെ പൂർത്തീകരണത്തിനും മറ്റുചില പദ്ധതികൾക്കുമാണ് തുക അനുവദിച്ചത്. എന്നാൽ ഈ പദ്ധതികൾ പലകാരണങ്ങളാൽ നീണ്ടു പോകുന്നതിനാൽ റഗുലറൈസേഷന് കാലതാമസം /തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നിരുന്നാലും ഇതുവരെ ചെലവായ തുകയുടെ അക്കൗണ്ട് രേഖകളും രസീതുകളും വൗച്ചറുകളും ആഡിറ്റിനു സമർപ്പിച്ച് ബാക്കിതുക കേരള യൂണിവേഴ്സിറ്റി ഫണ്ടിൽ തിരിച്ചടയ്ക്കുന്നതിന് വേണ്ട കർശന നിർദ്ദേശം രേഖാമൂലം ശ്രീ. പി. രാഘവന് നൽകിയിട്ടുണ്ട്. മേൽതുകയിൽ 12.30 ലക്ഷം രൂപയ്ക്കുള്ള വൗച്ചറും സ്റ്റേറ്റുമെന്റുകളും നൽകികഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേരള സർവ്വകലാശാല പ്ലാറ്റിനം ജൂബിലിയുടെ പേരിൽ ഇദ്ദേഹം എന്ത് തുക കൈപ്പറ്റിയിട്ടുണ്ട് ; രൂപ ചെലവാക്കിയത് സംബന്ധിച്ച് സമർപ്പിക്കേണ്ട രേഖകൾ നാളിതുവരെ സമർപ്പിച്ചുവോ എന്ന് വ്യക്തമാക്കുമോ ; | (സി) | പ്ലാറ്റിനം ജൂബിലിയുടെ നടത്തിപ്പിനായി ശ്രീ. പി. രാഘവന് ആറ് ലക്ഷം രൂപ പ്രൊവിഷണൽ അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ 2014 ഫെബ്രുവരി 5 വരെ സമയം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ സാമ്പത്തിക ക്രമക്കേട് നടത്തിയ സർവ്വകലാശാല ജോയിന്റ് ഡയറക്ടർ ശ്രീ. പി. രാഘവന്റെ കൃത്യവിലോപത്തിനെതിരെ സർവ്വകലാശാലയും വിദ്യാഭ്യാസ വകുപ്പും എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | (ഡി) & (ഇ) | സാമ്പത്തിക ക്രമക്കേട് നടത്തിയതായി ഇതുവരെ തെളിഞ്ഞിട്ടില്ല. അപ്രകാരം തെളിഞ്ഞാൽ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ശ്രീ. രാഘവനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ